മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ജയിൽ തടവുകാരുടെ കാര്യത്തിൽ കാലാകാലങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഈ സഭയിലെ മറ്റ് പല അംഗങ്ങളും ജയിലിൽ കിടന്നിരുന്ന കാലത്തെ സ്ഥിതിയല്ല ഇന്ന് ജയിലിലുള്ളത്. ഇന്ന് വളരെ വലിയ മാറ്റം വന്നിട്ടുണ്ട്. ഇനിയും മാറ്റം വരുത്താം. അത് ആവശ്യവുമാണ്. ഇനിയും മാറ്റങ്ങൾ വരുത്തും. തടവുകാർക്ക് ഇപ്പോൾ കൊടുക്കുന്ന ഭക്ഷണത്തിന്റെ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

Rice 450 gm. Wheat 200 gm., Vegetable 140 gm., പുഴുക്ക് 312 gm., ഉണക്കക്കപ്പ 170 gm., Onions 14 gm., പുളി 7 gm., Coconut 42 gm., Fire-wood 1000 gm. ഈ വിധത്തിലാണ്. അവർക്ക് റേഷൻ കൊടുക്കുന്നത്. ആഴ്ചതോറും മത്സ്യവും മാംസവുമൊക്കെ കൊടുക്കുന്നുണ്ട്. അതുകൊണ്ട് തടവുകാരുടെ ഭക്ഷണകാര്യത്തിൽ വലിയ ബുദ്ധിമുട്ടുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഒരു പരാതി സാധാരണ ഉണ്ടാകാറുണ്ട്. തടവുകാരുടെ റേഷൻ കരാറ് കൊടുക്കുന്നതുകൊണ്ട് പലപ്പോഴും നിശ്ചിതയളവ് റേഷൻ കിട്ടാറില്ലെന്ന് പരാതിയുണ്ട്. അതു മുഴുവൻ നിഷേധിക്കാൻ പ്രയാസമാണ്. ഏതായാലും താരതമ്യേന മെച്ചപ്പെട്ട നിലയിൽ കൊടുത്തുവരുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ലീവിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ തടവുകാർക്ക് ഇപ്പോൾ ലീവ് ലിബറലായിട്ട് അനുവദിക്കുന്നുണ്ട്. ന്യായമായ കാര്യങ്ങൾക്ക് പരോൾ അനുവദിക്കുന്നുണ്ട്. നിശ്ചിത കാലയളവ് പൂർത്തിയാക്കിയ തടവുകാരെ സംബന്ധിച്ചിടത്തോളം ജയിൽ കമ്മിറ്റിയുടെ ശുപാർശ വന്നുകഴിഞ്ഞാൽ ഒട്ടുംവൈകാതെ ഗവൺമെന്റ് അവരെ റിലീസ് ചെയ്യുന്നുണ്ട്. ഇക്കാര്യങ്ങളിലൊക്കെ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കുന്നുണ്ട്. തടവുകാർക്കുവേണ്ടി ജയിലിൽ വായനശാലയുണ്ട്. അവരുടെ ഉപയോഗത്തിന് ഫാൻ അനുവദിച്ചിട്ടുണ്ട്. ടെലിവിഷൻ വാങ്ങിക്കാനുള്ള ഓർഡർ കൊടുത്തിട്ടുണ്ട്. പോരാതെ വരുന്ന കാര്യങ്ങൾ ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി ഇനിയും ഗവൺമെന്റ് ചെയ്യുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ: സർ, ജീവപര്യന്തം തടവ് 20 വർഷമായിരുന്നത്, എട്ടോ പത്തോ വർഷം വരെ കുറക്കാമെന്ന് മുള്ളാ കമ്മീഷൻ പറഞ്ഞിട്ടുണ്ടല്ലോ. അക്കാര്യം പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ജീവപര്യന്തം എന്നു പറഞ്ഞാൽ ജീവിതകാലം മുഴുവനോ അല്ലെങ്കിൽ 20 കൊല്ലമോ ആണെന്നുള്ള നിഗമനം ശരിയല്ലെന്നൊരു വിധി അടുത്തകാലത്തുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇടക്കാലത്ത് വിട്ടയക്കാനുള്ള ആളുകളുടെ കാര്യത്തിലും ഇതുമൂലം ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അതും പരിശോധിക്കുന്നതാണ്.

V. റിപ്പോർട്ടുസമർപ്പണം

(1) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 42 മുതൽ 45 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. സീതിഹാജി: സർ, ഞാൻ പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ നാൽപ്പത്തിരണ്ടു മുതൽ നാൽപ്പത്തിയഞ്ചുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly